# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 525 10.03.2015-ലെ മറുപടിയ്ക്ക്

## നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റുകളിൽ നിന്നും ഒഴിവാക്കിയ നികുതി നിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.സുരേഷ് കുറുപ്പ്** | **ശ്രീ. കെ.എം. മാണി**<br>(ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റുകളിലെ ഏതെല്ലാം നികുതി നിർദ്ദേശങ്ങൾ പിന്നീട് വേണ്ടെന്ന് വയ്ക്കുകയുണ്ടായിട്ടുണ്ട്; അവ ഏതെല്ലാം; | (എ) യും (ബി) യും & (സി) യും ബഡ്ജറ്റ്മായി ബന്ധപ്പെട്ട് വേണ്ടെന്ന് വച്ച നികുതി നിർദ്ദേശങ്ങളും പിന്നീട് ലഘൂകരിച്ചവയും അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഈ സർക്കാരിന്റെ കാലത്ത് നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റുകളിലെ ഏതെല്ലാം നികുതികൾ പിന്നീടുള്ള ബഡ്ജറ്റുകൾ വഴി വേണ്ടെന്ന് വയ്ക്കുകയാ, ഭാഗീകമാക്കുകയോ, കുറയ്ക്കുകയോ ചെയ്യുകയുണ്ടായിട്ടുണ്ട്; അവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | |
| (സി) ഈ സർക്കാരിന്റെ കാലത്ത് നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റുകളിലെ ഏതെല്ലാം നിർദ്ദേശങ്ങൾ പിന്നീട് ധനകാര്യ ബില്ലിൽ ഉൾപ്പെടുത്താതിരുന്നിട്ടുണ്ട്; ഏതെങ്കിലും നിർദ്ദേശങ്ങൾ പിന്നീട് ലഘൂകരിക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. മാനുഫാക്ചേർഡ് സാൻഡിന്റെ നികുതി നിരക്ക് 2011-12- ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കേരള ധനകാര്യ നിയമം 2011 പ്രകാരം 5 ശതമാനമായി കുറച്ചിട്ടുണ്ടായിരുന്നു. മാനുഫാക്ചേർഡ് സാൻഡ് ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകൾക്ക് കൂടി കോമ്പൌണ്ടിംഗ് വ്യവസ്ഥയിൽ നികുതി അടയ്ക്കുവാൻ 2014-15-ലെ ബഡ്ജറ്റിൽ വിഭാവനം ചെയ്തതിനാൽ ഇതിന്റെ ഷെഡ്യൂൾ നികുതി നിരക്ക് 14.5% മായി ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കേരള ധനകാര്യ നിയമം 2014 പ്രകാരം ഉയർത്തിയിട്ടുണ്ട്.

2. മൈദ, സൂജി, ഗോതമ്പ് പൊടി എന്നിവയുടെ നികുതി നിരക്ക് 2012-13-ലെ ബഡ്ജറ്റ് നിർദ്ദേശത്തെ തുടർന്ന് കേരള ധനകാര്യ നിയമം 2012 പ്രകാരം ഒരുശതമാനമാക്കിയിരുന്നു. 2014-15-ലെ ബഡ്ജറ്റ് പ്രകാരം കേരള ധനകാര്യ നിയമം 2014 അനുസരിച്ച് ഇവയെ നികുതി വിമുക്തമാക്കിയിട്ടുണ്ട്.

3. ഭക്ഷ്യ എണ്ണയുടെ നികുതി നിരക്ക് 2012-13-ലെ ബഡ്ജറ്റ് നിർദ്ദേശത്തെ തുടർന്ന് കേരള ധനകാര്യ നിയമം 2012 പ്രകാരം ഒരുശതമാനമാക്കിയിരുന്നു. കേര കർഷകരുടെ താല്പര്യം സംരക്ഷിക്കുന്നതിനായി ഇവയുടെ നികുതി നിരക്ക് 2014-15-ലെ നിർദ്ദേശമനുസരിച്ച് കേരള ധനകാര്യ നിയമം 2015 പ്രകാരം 5 ശതമാനമായി ഉയർത്തിയിട്ടുണ്ട്.

4 മോട്ടോർ വാഹനങ്ങൾക്ക് 2014-15ൽ ബജറ്റിൽ കൊണ്ടു വന്ന നികുതി നിർദ്ദേശങ്ങളിൽ നിന്നും ബജറ്റ് ചർച്ചക്കു ശേഷം ടാക്സി കാറുകൾക്കും ആട്ടോ റിക്ഷകൾക്കും പുതുതായി കൊണ്ടുവന്ന നികുതി നിർദ്ദേശം പിൻവലിച്ചു. ഇത് പിൻവലിച്ചത് ഭരണ/പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും ആവശ്യപ്പെട്ടതനുസരിച്ചാണ് മാറ്റം കൊണ്ടു വന്നത്. കൂടാതെ സഭ ധനബിൽ ചർച്ചയ്ക്കെടുത്തപ്പോൾ അന്യസംസ്ഥാനത്തേയ്ക്കു പോകുന്ന ലക്ഷ്വറി വാഹനങ്ങൾക്ക് ചില ഇളവുകൾ നൽകുകയുണ്ടായി.

5. മുൻവർഷം ഒരു കോടി രൂപയ്ക്കു മേൽ വിറ്റുവരവുള്ള വ്യാപാര സ്ഥാപനങ്ങൾക്ക് ഒന്നാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ടെക്സറ്റയിൽ ഇനങ്ങളുടെ വിറ്റുവരവിൻമേൽ 2% ടേൺ ഓവർ ടാക്സ് ഏർപ്പെടുത്തികൊണ്ട് ബജറ്റ് നിർദ്ദേശം ഉണ്ടായിരുന്നു. പ്രസ്തുത നിർദ്ദേശം ധനബില്ലിൽ ഉൾപ്പെടുത്തി സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിൽ വന്നപ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഖാദിയെ ടേൺഓവർ ടാക്സിൽ നിന്ന് ഒഴിവാക്കി. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയത് പ്രകാരമുള്ള ധനബിൽ സഭ പരിഗണിച്ചപ്പോൾ കൈത്തറിയെകൂടി ഒഴിവാക്കണമെന്ന ആവശ്യം ഉയരുകയും അതംഗീകരിക്കുകയും ചെയ്തു. ഇതിൻ പ്രകാരം കൈത്തറി, ഖാദി

എന്നിവയെ ടേൺഓവർ ടാക്സിൽ നിന്ന് ഒഴിവാക്കികൊണ്ട് ധനബിൽ സഭ പാസ്സാക്കുകയുണ്ടായി.

6 വെളിച്ചെണ്ണകൊണ്ടു ഉണ്ടാക്കുന്ന സോപ്പുകൾക്ക് 2014-15 ബജറ്റിൽ നികുതി ഇളവ് കൊണ്ടുവന്നത് ധനബില്ലിന്റെ ചർച്ചയിൽ സബജറ്റ് കമ്മിറ്റിയിൽ വച്ച് പിൻവലിക്കുകയും വെളിച്ചെണ്ണ കൂടി ചേർത്തുണ്ടാക്കുന്ന വാഷിംഗ് സോപ്പുകൾക്ക് മാത്രം ഒരു ശതമാനം നികുതി ഏർപ്പെടുത്തുകയും ചെയ്തു. കേരകർഷകരെ സഹായിക്കാൻ വേണ്ടിയാണ് തേങ്ങയ്ക്കും വെളിച്ചെണ്ണയ്ക്കും നികുതി വേണ്ടെന്ന് നേരത്തെ തീരുമാനിച്ചത്. ഇതിന്റെ ഭാഗമായിട്ടാണ് വെളിച്ചെണ്ണ കൊണ്ടു ഉണ്ടാക്കുന്ന സോപ്പുകൾക്ക് നികുതി വേണ്ടെന്നു വയ്ക്കാൻ ബജറ്റിൽ തീരുമാനിച്ചത്. വെളിച്ചെണ്ണ മാത്രം ഉപയോഗിച്ച് സോപ്പ് നിർമ്മിക്കാത്തതു കൊണ്ടാണ് സബ്ജക്ട് കമ്മിറ്റിയിൽ ഈ മാറ്റം വരുത്തിയത്.

7. ഗഹാൻ സമ്പ്രദായ പ്രകാരം രജിസ്ട്രർ ചെയ്യുന്ന കരണങ്ങൾക്കുള്ള ഒരു ഫീസ് ഏർപ്പെടുത്താൻ 2014-15 ബജറ്റിൽ തീരുമാനിച്ചു. ഈ ~~ഫീസ് കൊണ്ടുവരാൻ കാരണം രജിസ്ട്രാർ ഓഫീസുകളിൽ~~ രജിസ്ട്രർ ചെയ്യുന്ന കരണങ്ങളുടെ നല്ലൊരു ഭാഗം ഗഹാൻ സമ്പ്രദായ പ്രകാരമാണ് രജിസ്ട്രർ ചെയ്യുന്നത്. ഇതിന് സ്റ്റാമ്പ് ഡ്യൂട്ടിയോ രജിസ്ട്രേഷൻ ഫീസോ ഇല്ല. എന്നാൽ രജിസ്ട്രർ ഓഫീസുകളിൽ ഇതുമൂലമുണ്ടാകുന്ന അധികജോലിഭാരവും സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കിയതുകൊണ്ടുള്ള നികുതി നഷ്ടവും പരിഗണിച്ചാണ് നഷ്ടപ്പെട്ട നികുതിയുടെ 0.25% സർവ്വീസ് ചാർജ്ജായി ചുമത്തിയത്. കൂടാതെ ഈ കരണങ്ങളെല്ലാം തന്നെ കർഷകരാണ് രജിസ്ട്രർ ചെയ്യുന്നത്. സർക്കാർ നൽകിയ

ഇളവിന്റെ സിംഹഭാഗവും കർഷകർക്ക് വായ്പ്പ അനുവദിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്കാണ് ലഭിക്കുന്നത്. ഈ വിഷയങ്ങളെല്ലാം നിയമസഭാംഗങ്ങൾക്ക് അറിയാം അവരുടെ നിർദ്ദേശ പ്രകാരമാണ് സഹകരണ സ്ഥാപനങ്ങളും കർഷകരും അനുഭവിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾക്ക് യാതൊരു കുറവും വരുത്താതിരിക്കാൻ വേണ്ടി ബജറ്റിൽ ചുമത്തിയ നികുതി നിർദ്ദേശം പിൻവലിച്ചത്.

8. ക്രെഷറുകൾ ക്രെഷറിംഗിനു പുറമെ വി.എസ്.ഐ. മുതലായ യന്ത്രസാമഗ്രികൾ ഉപയോഗിച്ച് മാനുഫാക്ച്ചേർഡ് സാന്റ് ഉൽപ്പാദിപ്പിക്കുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇത്തരം ഉൽപ്പാദിപ്പിക്കപ്പെടുന്ന സാന്റിന് ക്രെഷറിന് നികുതി അടക്കുന്നവർക്ക് പൂർണ്ണായ നികുതി ഇളവ് നൽകിയിരുന്നു. ഇത് ഭീമമായ നികുതി നഷ്ടം വരുത്തുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇതിനെപ്പറ്റി പഠിച്ച് റിപ്പോർട്ട് നൽകാൻ വകുപ്പു തല കമ്മിറ്റിയെ ചുമതലപ്പെടുത്തി. അവരുടെ റിപ്പോർട്ട് പ്രകാരം ക്രെഷറിന്റെ കാമ്പൗണ്ടിംഗ് നികുതിക്കു പുറമെ ഇത്തരം വി.എസ്.ഐ. യന്ത്രങ്ങൾക്കും അതിന്റെ കപ്പാസിറ്റി അനുസരിച്ച് പ്രത്യേകം കാമ്പൗണ്ടിംഗ് നികുതി ഈടാക്കണമെന്ന് ശുപാർശ ചെയ്തു. ഇതുകൂടി പരിഗണിച്ചാണ് 2014-15 ബജറ്റിൽ 350 മുതൽ 352 ഖണ്ഡികകളിൽ കാമ്പൗണ്ടിംഗ് നികുതി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം വച്ചത്. അതുപ്രകാരം ക്രെഷറുകളുടെ നികുതി നിലവിലെ നികുതിയുടെ മൂന്നിരട്ടിയായും ഇതിനുപുറമേ വി.എസ്.ഐ.ക്ക് അഡീഷണൽ നികുതിയും കൊണ്ടുവന്നു. ധനബിൽ പ്രകാരം കൊണ്ടു വന്ന ഇത്തരം നികുതി ഏതാണ്ട് അവർ അടച്ചു കൊണ്ടിരിക്കുന്ന നികുതിയുടെ 500 ശതമാനത്തിലധികം വർദ്ധനവ് ഉണ്ടാക്കുന്നുവെന്നും ഇത് പുനപരിശോധിക്കണമെന്നും കൂടാതെ എം സാന്റ് മാത്രം ഉണ്ടാക്കുന്ന ചെറിയ ക്രെഷർ ഉടമകൾക്ക് കൂടി കാമ്പൗണ്ടിംഗ് സംപ്രദായം കൊണ്ടുവരണമെന്ന് ക്രെഷർ ഉടമകൾ ആവശ്യപ്പെട്ടു. ഇത്രയും ഉയർന്ന കാമ്പൗണ്ടിംഗ്

നികുതി മെറ്റലിന്റെ വില ക്രമാധീതമായി ഉയർത്തുമെന്നും സർക്കാരിന്റെ മരാമത്തു പണികളേയും സാധാരണക്കാരുടെ കെട്ടിട നിർമ്മാണത്തേയും പ്രതികൂലമായി ബാധിക്കുമെന്നും നിയമസഭയിൽ പല അംഗങ്ങളും ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് വാണിജ്യനികുതി വകുപ്പ്തല ഉദ്യോഗസ്ഥരുടെ ഒരു കമ്മിറ്റി ഉണ്ടാക്കുകയും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ,സബ്ജക്ട് കമ്മിറ്റിയിൽ വച്ച് ധനബില്ലിൽ മാറ്റം വരുത്തുകയുമാണുണ്ടായത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എം സാന്റിന് നൽകിയ നികുതി ഇളവ് വളരെ നികുതി നഷ്ടം ഉണ്ടാക്കുന്നുവെന്ന കണ്ടതിനാൽ ആ നികുതി ഇളവ് പിൻവലിക്കുകയാണുണ്ടായത്. ഇതിനെത്തുടർന്ന് ഈ മേഖലയിലെ നികുതി പിരിവ് ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ